ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.-കളിൽ എൻ.സി.വി.റ്റി. അഫിലിയേഷൻ ലഭിച്ചിട്ടില്ലാത്ത ട്രേഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

നഴ്സിംഗ് നൈപുണ്യ വികസനകേന്ദ്രം

259 (924) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഴ്സിംഗ് നൈപുണ്യ വികസന കേന്ദ്രം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാം ; ഇതിന്റെ നോഡൽ ഏജൻസി ആരാണ് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത് ആരെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വകാര്യമേഖലയിലെ പരിചയസമ്പന്നരുമായി സഹകരിച്ച് നഴ്സുമാർക്ക് തൊഴിൽ നൈപുണ്യം മെച്ചപ്പെടുത്തുന്നതിനായി തിരുവനന്തപുരത്ത് നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) എന്ന സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. വിവിധ തലത്തിലുള്ള നഴ്സുമാർക്ക് തൊഴിൽ നൈപുണ്യം, ആശയവിനിമയത്തിനുള്ള കഴിവുകൾ, കമ്പ്യൂട്ടർ അവബോധം, ഇംഗ്ലീഷ് ഭാഷാ പരിശീലനം എന്നിവ ഉൾപ്പെടുന്ന കോഴ്സുകൾ നടത്തുക, അനുയോജ്യമായ അന്താരാഷ്ട്ര, ആഭ്യന്തര തൊഴിൽ സാധ്യതകൾ കണ്ടെത്തുക, അന്താരാഷ്ട്ര പ്ലേസ്മെന്റ് രംഗത്തെ തടസ്സങ്ങളെ തരണംചെയ്യാൻ സഹായിക്കുക എന്നിവയാണ് NICE -ന്റെ ലക്ഷ്യങ്ങൾ. അഡ്വാൻസ്ഡ് നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം ബിരുദധാരികളോ അല്ലെങ്കിൽ ഡിപ്ലോമാ ബിരുദധാരികളോ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആയ പരിചയസമ്പന്നരായ നഴ്സുമാർക്ക് തൊഴിൽസാധ്യത ഉയർത്താനായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ആണ് ഇതിന്റെ നോഡൽ ഏജൻസി.

(സി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE)-ന്റെ ഓപ്പറേറ്ററായി നിശ്ചയിച്ചിരിക്കുന്നത് യു.എ.ഇ. ആസ്ഥാനമായുള്ള NMC Healthcare-ന കീഴിലുള്ള Trivandrum Specialists Hospital-നെയാണ്.

സ്കിൽ ഡെവലപ്മെന്റ്

260 (925) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിഷൻ 676- ൽ ഉൾപ്പെടുത്തി സ്കിൽ ഡെവലപ്പ്മെന്റ് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) എങ്കിൽ സ്കിൽ ഡെവലപ്പ്മെന്റുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 വഴി നടപ്പാക്കുന്നുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാനും സമയബന്ധിതമായി നടപ്പാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് :

നടപ്പു സാമ്പത്തികവർഷം എംപ്ലോയബിലിറ്റി സെന്റർ പദ്ധതിക്കായി ബഡ്ജറ്റിൽ 4.19 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി ഇക ഉപയോഗിച്ച് മലപ്പുറം, കാസർഗോഡ് ജില്ലകളിൽ പുതുതായി എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും നിലവിലുള്ള ഏഴ് സെന്ററുകളിൽ HRD പ്രവർത്തനം നടത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly